"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ : പ്രിയങ്ക.ജി IAS)

വിഷയം :- വനിത ശിശു വികസന വകുപ്പ് - സാധുക്കളായ വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം - അഭയകിരണം പദ്ധതി 2021-22- ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ.(സാധാ)നം. 296/2021/സാ.നീ.വ. തീയതി. 14.05.2021

2. ഈ കാര്യാലയത്തിലെ 11/08/2021, 07/09/2021 തീയതികളിലെ WEC2-7252/2021 നമ്പർ പരിപത്രം

3. കൊല്ലം DWCDO യുടെ 02/06/2022, 03/06/2022 തീയതികളിലെ DWCDO/D/1049/2021 നം. കത്ത്

4. ആലപ്പുഴ DWCDO യുടെ 18/04/2022 ലെ WCD/ALPY/A4-601/22 നം. കത്ത്

5. തൃശ്ശൂർ DWCDO യുടെ 07/05/2022 ലെ DWCDO TSR/D-2607/21 നം. കത്ത്

6. കോഴിക്കോട് DWCDO യുടെ 29/04/2022 തീയതികളിലെ DWCDO/KKD/F-2531/21 നം. കത്ത്

7. കാസർഗോഡ് DWCDO യുടെ 26/04/2022, 28/05/2022 തീയതി കളിലെ ലെ DWCDO/KSD/A5-1312/21 നം. കത്തുകൾ

**ഉത്തരവ് നമ്പർ WEC2-7252/2021** **തീയതി: 15/06/2022**

അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. അഭയകിരണം പദ്ധതി പ്രകാരം ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് പുറടെ വിവരിയ്ക്കുന്ന പ്രകാരം പരാമർശം (3) മുതൽ (7) വരെ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

GB

| ക്രമ നം. | ജില്ല | 2020-21 വർഷം ധനസഹായം ലഭിച്ചവർക്ക് 2022 ഫെബ്രുവരി വരെ അനുവദിക്കേണ്ട തുക | 2021-22 വർഷം പുതുതായി അപേക്ഷിച്ചവർക്ക് അനുവദിക്കേണ്ട തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ആകെ അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|
| 1 | കൊല്ലം | 13000 | 8000 | 3 | 21000 |
| 2 | ആലപ്പുഴ | 0 | 33000 | 3 | 33000 |
| 3 | തൃശ്ശൂർ | 0 | 30000 | / | 30000 |
| 4 | കോഴിക്കോട് | 0 | 11000 | 1 | 11000 |
| 5 | കാസർഗോഡ് | 13000 | 22000 | 3 | 35000 |
| | ആകെ | 26000 | 104000 | 17 | 130000 |

മേൽ വിവരിച്ച പ്രകാരം അഭയകിരണം പദ്ധതി പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് 1,30,000/- (ഒരു ലക്ഷത്തി മുപ്പത്തിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുകയായ 1,30,000/- (ഒരു ലക്ഷത്തി മുപ്പത്തിനായിരം രൂപ മാത്രം ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള തുക മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

പരാമർശം (2)(3) പരിപത്രങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. തുക അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**(ഒപ്പ്)**

**വനിതശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ്

**പകർപ്പ്:**

1) സൂപ്രണ്ട് എ, സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2) സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

GB